പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4017

19.03.2018-ൽ മറുപടിക്ക്

## മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം ആറുമാസം കുടിശ്ശിക വന്നാൽ അംഗത്വം നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആറുമാസകാലാവധിക്കുള്ളിൽ അംഗത്വം നഷ്ടപ്പെടുന്ന സ്ഥിതി, ആകുിൽ ഭേദഗതി വരുത്തി ഒഴിവാക്കാനാകുമോ; വ്യക്തമാക്കാമോ; | (ബി) & (സി) | ആറു മാസത്തിൽ കൂടുതൽ കാലം വിഹിതം അടയ്ക്കാതെ കുടിശ്ശിക വരുത്തുന്നവർക്ക് അവരുടെ അംഗത്വം നഷ്ടപ്പെടാതിരിക്കുവാനായി കുടിശ്ശിക വിഹിതം ഒന്നിച്ച് അടയ്ക്കുന്നതിന് ബോർഡ് തീരുമാന പ്രകാരം നിശ്ചിത സമയപരിധി അനുവദിക്കാറുണ്ട്. ആയതു പ്രകാരം 28/02/2018 വരെ സമയപരിധി നൽകിയിരുന്നു. അതുകൊണ്ട് ആക്റ്റിൽ ഭേദഗതി വരുത്തുന്നത് ഇപ്പോൾ പരിഗണിക്കേണ്ടതില്ല. |
| (സി) | ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള പരിശോധന നടത്തി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ